# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6374     21.11.2019 -ൽ മറുപടിക്ക്**

**റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് അനുമതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | : | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് വിവിധ വകുപ്പുകൾ കെട്ടിവെക്കുന്ന പണം ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; | (എ) | ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമില്ല. റോഡുകളിൽ യൂട്ടിലിറ്റി മാറ്റുന്നതിന് വിവിധ വകുപ്പുകൾ കെട്ടിവയ്ക്കുന്ന പണം ഉപയോഗിച്ച് പ്രവൃത്തി നടത്തുന്നതിന് വിവിധ ഉദ്യോഗസ്ഥരുടെ അധികാര പരിധിയനുസരിച്ച് ഭരണാനുമതി നൽകുന്നു. 50 ലക്ഷത്തിൽ അധികം വരുന്ന പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ ആണ് ഭരണാനുമതി ലഭ്യമാക്കുന്നത്. |
| (ബി) | അത്തരം പ്രവൃത്തികൾക്ക് കെട്ടിവെച്ച തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തി ടെണ്ടർ ചെയ്യാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അധികാരം നൽകുമോ; വ്യക്തമാക്കുമോ? | (ബി) | കെട്ടിവച്ച തുകയിൽ പരിമിതപ്പെടുത്തി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ